(ബി) എടയ്ക്കാട്ടുവയൽ, ആമ്പല്ലൂർ, ഉദയംപേരൂർ പഞ്ചായത്തുകൾക്കുവേണ്ടിയുള്ള ശുദ്ധജല വിതരണ പദ്ധതികൾക്കാവശ്യമായ സ്ഥലമെടുപ്പ് പൂർത്തിയാക്കി ടെണ്ടർ നൽകിക്കഴിഞ്ഞു. ഏകദേശം 70% പൂർത്തീകരിച്ചു. രാമമംഗലം, പാമ്പാക്കുട, തിരുമാറാടി എന്നീ പഞ്ചായത്തുകൾക്കുവേണ്ടിയുള്ള പദ്ധതികൾക്കാവശ്യമായ സ്ഥലമെടുപ്പ് പൂർത്തിയാക്കി. ഇവയുടെ ടെണ്ടർ നടപടികൾ ആരംഭിച്ചുകഴിഞ്ഞിട്ടുണ്ട്. പിറവം ശുദ്ധജല വിതരണ പദ്ധതിയുടെ ഗ്യാപ് കോസിംഗ്, ടാപ്പ് കണക്ഷൻ, 200 മി.മി. എന്നീ ലയിംഗ് (2000 എം) എന്നിവ ഒഴിച്ചുള്ള പണികൾ പൂർത്തിയാക്കിയിട്ടുണ്ട്. 12/1999 ൽ കമ്മിഷൻ ചെയ്യാമെന്നു പ്രതീക്ഷിക്കുന്നു.

(സി) 6/99 ൽ പൂർത്തിയാക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

(ഡി) 12/2000 ൽ പൂർത്തിയാക്കാൻ കഴിയുമെന്നു പ്രതീക്ഷിക്കുന്നു.

(ഇ) ആമ്പല്ലൂർ ശുദ്ധജല വിതരണ പദ്ധതിക്ക് റെയിൽ പാളം മുറിച്ചു കടക്കേണ്ടതുള്ളതിനാൽ റെയിൽവേ അധികൃതരുടെ അനുവാദം ലഭിക്കേണ്ടതുണ്ട്.

74 (1180) തോടുകളുടെ മെയിന്റനൻസ്

ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആറൻമുള നിയോജകമണ്ഡലത്തിലെ പമ്പാ ഇറിഗേഷൻ പ്രോജക്ട് വക നീർപാലങ്ങളുടെയും ഇറിഗേഷൻ തോടുകളുടെയും മെയിന്റനൻസ് യഥാസമയം നടത്താൻ നടപടി സ്വീകരിക്കുമോ;

(ബി) തോടുകൾ മണ്ണുവീണ് വെള്ളം ഒഴുകാൻ കഴിയാത്ത വിധത്തിൽ കിടക്കുന്നുണ്ടെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഈ നീർപ്പാലങ്ങളുടെയും തോടുകളുടെയും മെയിന്റനൻസ് യഥാസമയം നടത്തുവാൻ വേണ്ട നടപടി സ്വീകരിക്കുമോ;

ഉത്തരം

(എ) പമ്പാ ഇറിഗേഷൻ പ്രോജക്ട് കേരളത്തിലെ പത്ത് നിയമസഭാ മണ്ഡലങ്ങളിലായി വ്യാപിച്ചുകിടക്കുന്നു. ആയതിനാൽ നിയോജകമണ്ഡല അടിസ്ഥാനത്തിൽ നീർപാലങ്ങളുടെയും തോടുകളുടെയും അറ്റകുറ്റപ്പണികൾ നടത്താറില്ല. ലഭ്യമായ ഫണ്ടിന്റെ തോതനുസരിച്ച് ഏറ്റവും മോശമായ ഭാഗങ്ങൾ ആദ്യം എന്ന ക്രമത്തിൽ മെയിൻ കനാലുകൾക്ക് പ്രാധാന്യം നൽകിക്കൊണ്ടാണ് മെയിൻ കനാലുകളുടെയും ശാഖകളുടെയും മെയിന്റനൻസ് നടത്തി വരുന്നത്. മേൽപ്പറഞ്ഞ പ്രകാരം ആറൻമുള നിയോജകമണ്ഡലത്തിൽ ഉൾപ്പെടുന്ന ഭാഗങ്ങളുടെയും അറ്റകുറ്റപ്പണികൾ നടത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ബി) ഉണ്ട്.

(സി) ഫണ്ടിന്റെ ലഭ്യതയനുസരിച്ച് മെയിന്റനൻസ് ജോലി നടത്തുവാൻ നടപടി സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly